## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1473** **05/02/2019- ൽ മറുപടിയ്ക്ക്**

## മാരക വിഷമുള്ള കീടനാശിനികളുടെ വിപണനം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം.കെ. മുനീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ . പി.കെ.ബഷീർ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മാരക വിഷമുള്ള കീടനാശിനികൾ ഉപയോഗിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കീടനാശിനികൾ അമിതമായ അളവിൽ ഉപയോഗിക്കുന്നത് മനുഷ്യനാഡീവ്യൂഹത്തെ സാരമായി ബാധിച്ചേക്കുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) തിരുവല്ലയിൽ നെല്ലിന് കീടനാശിനി തളിച്ച രണ്ട് തൊഴിലാളികൾ മരിക്കാനിടയായ സംഭവത്തിൽ കൃഷി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ഡി) അനധികൃത കീടനാശിനി വിൽപ്പന നടത്തുന്നവരെ കണ്ടെത്തി, മാരക വിഷമുള്ള കീടനാശിനികളുടെ വിപണനം തടയുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിരോധിച്ച മാരക കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ/ കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതാത് പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ച് വരുന്നു. നിരോധിത |

കീടനാശിനികളുടെ വിപണനം തടയുന്നതിന് പ്രാദേശിക/ജില്ലാ/സംസ്ഥാന തലത്തിൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. നിരോധിത കീടനാശിനികൾ ഒഴിവാക്കിയാണ് ഉല്പാദന വിപണന ലൈസൻസ് നൽകുന്നത്. നിരോധിത കീടനാശിനികൾ വിറ്റഴിക്കപ്പെടുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടാൽ ടി ഡിപ്പോകൾക്കെതിരെ കർശന നടപടികളും സ്വീകരിക്കുന്നുണ്ട്.

Sreedevi (signature)

**സെക്ഷൻ ഓഫീസർ**